പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

01.03.2017 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*88

# കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. സി.കെ.ശശീന്ദ്രൻ<br>ശ്രീ. ജോർജ് എം. തോമസ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; | (എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റീസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും തോട്ടുടമകളുമായും സർക്കാർ ചർച്ച നടത്തിയിരുന്നു. അവരിൽ നിന്നും റിപ്പോർട്ടിന്മേൽ കൂടുതൽ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. നിർദ്ദേശങ്ങൾ കൂടി ലഭിച്ച ശേഷം ആവശ്യമായ ചർച്ചയും പരിശോധനയും നടത്തി തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) തോട്ടം തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ എസ്റ്റേറ്റ് ഉടമകൾക്ക് നിർദ്ദേശം നൽകുമോ; | (ബി) തോട്ടം തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ ശോചനീയാവസ്ഥ തോട്ടം പരിശോധനാവേളയിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധന നടത്താറുണ്ട്. പരിശോധനാവേളകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കാൻ എസ്റ്റേറ്റ് ഉടമകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. ന്യൂനതകൾ പരിഹരിക്കാത്ത തൊഴിലുടമകൾക്കെതിരെ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു. |
| സി) 'ഭവനം പ്രോജക്ട്' എന്ന പേരിൽ തോട്ടം തൊഴിലാളികൾക്കായി പ്രഖ്യാപിച്ച ഭവന നിർമ്മാണ പദ്ധതി പ്രാവർത്തികമാക്കാൻ നടപടിയുണ്ടാകുമോ; | (സി) തോട്ടം മേഖലയിലെ ഭവനരഹിതരെയും, ഭൂരഹിതരെയും കണ്ടെത്താൻ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ മുഖേന സമഗ്ര സർവ്വേ നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധനയിലാണ്. തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം നടപ്പിലാക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് | (ഡി) കേരളത്തിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ബന്ധപ്പെട്ട |

വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ കൺവീനറായും പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് പ്രവർത്തിച്ചുവരുന്നു. കൂടാതെ ട്രേഡ് യൂണിയൻ ഭാരവാഹികളും വിവിധ വകുപ്പിലെ ഉദ്യോഗസ്ഥരും അംഗങ്ങളാണ്.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവാഹധനസഹായം, ആരോഗ്യപരിപാലനം, തൊഴിലാളികളുടെ മക്കൾക്ക് ഉന്നതപഠനസഹായം, പഠനോപകരണങ്ങളുടെ വിതരണം, ലയങ്ങളുടെ അറ്റകുറ്റപ്പണി, കുടിവെള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

ടി പദ്ധതിക്കായി അനുവദിക്കുന്ന തുക അതാത് കമ്മിറ്റികളുടെ തീരുമാനങ്ങളുടെ മുൻഗണനാക്രമത്തിലാണ് വിനിയോഗിക്കുന്നത്.

ഇടുക്കി:

1. വിവാഹധനസഹായം- 10000/- രൂപ വീതം
2. വിദ്യാഭ്യാസ ധനസഹായം - അർഹത പരിശോധിച്ച് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്
3. മരണാനന്തര ധനസഹായം- 10000/- രൂപ വീതം

പാലക്കാട്: മാരകരോഗങ്ങൾ (കാൻസർ, വൃക്കരോഗം, ഹൃദ്രോഗം) - 25,000/- രൂപ

തിരുവനന്തപുരം: മാരകരോഗങ്ങൾ(കാൻസർ, കാർഡിയോവാസ്കുലർ ഡിസീസ്,മാനസികരോഗം) - 10,000/- രൂപ

വിവാഹധനസഹായം- 15,000/- രൂപ

വിദ്യാഭ്യസധനസഹായം (സ്കോളർഷിപ്പ്)- 1,000/- മുതൽ 10,000/- രൂപ വരെ

വയനാട് വിവാഹധനസഹായം- 10,000/- രൂപ

മാരകരോഗങ്ങൾ (കാൻസർ, വൃക്കരോഗം, ഹൃദ്രോഗം) - 10,000/- രൂപ

Sreela

സെക്ഷൻ ഓഫീസർ